
ക്രിസ്തീയ
ന്യായവാദശാസ്ത്രം
Apologetics
Volume 1
ഡോ ജോൺസൺ സി ഫിലിപ്പ്
ഡോ സനീഷ് ചെറിയാൻ

# ക്രിസ്തിയ ന്യായവാദശാസ്ത്രം

Volume 1
A 30-volume Work

Dr. Saneesh Cherian
Dr. Johnson C. Philip

Copyright 1990, 2000, 2020
Creative Commons

Brethren Theological Institute
Theological Training Since 1999

# ക്രിസ്തീയ ന്യായവാദശാസ്ത്രത്തി നൊരു മുഖവുര

അപ്പോളജറ്റിക്സ് (Apologetics) അല്ലെങ്കിൽ ന്യായവാദം എന്ന പദത്തിന്റെ അർത്ഥം ഏതെങ്കിലും തരത്തിലുള്ള ക്ഷമാപണം ആയിരിക്കുമെന്ന് ചിലർ ചിന്തിക്കുന്നു. എന്നാൽ വാസ്തവത്തിൽ 'അപ്പോളജറ്റിക്സ്' എന്ന പദം ആംഗ്ലേയ പദമായ അപ്പോളജി (Apology) എന്നതിൽ നിന്നും ഉരുത്തിരിഞ്ഞു വന്നിട്ടുള്ളതല്ല. അപ്പോലോഗിയ എന്ന ഗ്രീക്ക് പദത്തിൽ നിന്നും ഉത്ഭവിച്ചിട്ടുള്ളതാണ്. അപ്പോലോഗിയ എന്നാൽ പ്രതിരോധം സൃഷ്ടിക്കുക (Making A Defence) എന്നത്രേ. ഏതൊരു കാര്യത്തിനും ചെയ്യുന്ന നിയമാനുസൃതമായ 'പ്രതിരോധത്തിന് ന്യായ

വാദശാസ്ത്രം‘ (Apologetics) എന്നു പറയാവുന്നതാണ്. ക്രിസ്ത്യാനിത്വം വിശ്വാസയോഗ്യമായതാണോ? എന്ന ചോദ്യത്തിന് ഉത്തരം നൽകുന്ന ക്രിസ്തീയ ദൈവശാസ്ത്രത്തിലെ ഒരു വിഭാഗമാണ് ക്രിസ്തീയ ന്യായവാദശാസ്ത്രം.

കഴിഞ്ഞ നാലു ശതാബ്ദത്തിനുള്ളിൽ എല്ലാ തരത്തിലുമുള്ള മത ആദ്ധ്യാത്മിക മൂല്യങ്ങളും സമൂല പരിവർത്തന വാദികളുടേയും കൃത്തിപ്പുകാരുടേയും നിശിതമായ ആക്രമണത്തിന് വിധേയമായി തീർന്നിട്ടുണ്ട്. ഈ തൽക്ഷണ ആക്രമണത്തിൽ ക്രിസ്തീയ വിശ്വാസമാണ് കൂടുതൽ ആക്രമണ വിധേയമായത്. ചില ചരിത്രപരമായ കാരണങ്ങളാലാണ് അപ്ര

കാരം സംഭവിച്ചത്. തുടർന്നുവരുന്ന നമ്മുടെ പഠനത്തിൽ അവയെ വിശദമാക്കുന്നതായിരിക്കും.

ക്രിസ്തീയ വിശ്വാസത്തിന് എതിരെ വന്ന കടുത്ത വിമർശനങ്ങൾ വാർത്താവിനിമയ മാദ്ധ്യമങ്ങളിൽ കൂടി പ്രചരിപ്പിച്ചതുകൊണ്ട് ക്രിസ്തീയ വിശ്വാസത്തിനെതിരെ ഉയർന്ന പ്രധാന വിമർശനങ്ങൾ അക്രൈസ്തവർക്കും സുപരിചിതങ്ങളാണ്. ക്രൈസ്തവ വിശ്വാസത്തെ ചോദ്യം ചെയ്തുകൊണ്ട് എഴുതപ്പെട്ട ഗ്രന്ഥങ്ങൾ മതേതര പുസ്തകശാലകളിലൂടെ ഏറ്റവുമധികം വിറ്റഴിയപ്പെടുന്ന ഗ്രന്ഥങ്ങളായി പരിണമിച്ചിരിക്കുന്നു. അവയുടെ വായനക്കാരിൽ ഏറിയ പങ്കും അക്രൈസ്തവരാ

ണെന്നുള്ളതാണ് ചിന്തനീയമായ വസ്തുത.

വേദപുസ്തകവും അതിനോട് ബന്ധപ്പെട്ട വിഷയങ്ങളും വളരെയധികം വിമർശനവിധേയമായിക്കൊണ്ടിരിക്കുന്ന ഒരു അന്തരീക്ഷമാണ് ഇന്ന് പൊതുവേ കണ്ടുവരുന്നത്. വേദപുസ്തക പഠിതാക്കൾ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ മതവിരോധികളായ പഠിതാക്കളിൽ നിന്നും അത്തരം ആക്രമണങ്ങൾ അഭിമുഖീകരിക്കേണ്ടതുണ്ട്. ക്രിസ്തീയ വിശ്വാസത്തെ ചുഴറ്റിയെറിയാൻ തക്ക ശക്തിയുള്ള ചോദ്യ ശരവർഷങ്ങളാൽ ആക്രമിക്കപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾ നമ്മുടെ സമൂഹത്തിൽ ഇന്ന് ധാരാളമു

ണ്ട്. ചോദ്യങ്ങളുടെ ഒരു ഭാഗത്തിനു പോലും അവർക്ക് ഉത്തരം നൽകാൻ സാധിക്കാത്തത്ര വേഗത്തിൽ ആണ് ചോദ്യങ്ങൾ ഉന്നയിക്കപ്പെടുന്നത്. മാത്ര മല്ല ഇത്തരം ആക്രമണങ്ങൾക്കു മുമ്പ്, അത്തരത്തിലുള്ള ചോദ്യങ്ങൾ ഒരി ക്കലും അഭിമുഖീകരിച്ചിട്ടില്ലാത്തതു കൊണ്ട് എന്ത് ചിന്തിക്കണമെന്നോ, എന്തു പറയണമെന്നോ അറിയാതെ പ്രതിസന്ധിയിൽ അവർ കുഴയുന്നു. അതോടൊപ്പം തന്നെ അവർക്ക് ഉത്തരം പറയുവാൻ സാധ്യമായില്ലെങ്കിൽ ശരി യായ ഉത്തരം ഇല്ല എന്ന ചിന്തയുടെ കെണിയിലകപ്പെടുകയും ചെയ്യുന്നു. വേദപുസ്തകത്തിനെതിരെ ഉന്നയിച്ച ചോദ്യങ്ങൾക്ക് ഉത്തരം ഇല്ല എന്ന നിഗമ

നത്തിൽ ഒരു വ്യക്തി എത്തിച്ചേർന്നാൽ അവന്റെ വിശ്വാസമായിരിക്കും അടുത്ത ബലിമൃഗം. വേദപുസ്തകത്തിന്റെ ദൈവ ശ്വാസീയത, അധികാരം, അപ്രമാദിത്വം, അബദ്ധരാഹിത്യം എന്നിവയിലുള്ള അവന്റെ വിശ്വാസം സൂചിമുനയിലാകും. സംഘർഷഭരിതമായ ഒരു മാനസികാവ സ്ഥയിലേക്ക് അവൻ ചെന്നുചേരും. തന്റെ രക്ഷയ്ക്ക് മുഖാന്തരമായത് വേദ പുസ്തക സന്ദേശമാണെന്ന് അവന് അറി യാം. എങ്കിലും ഗ്രന്ഥത്തിലെ ഏതെല്ലാം ഭാഗങ്ങളാണ് വിശ്വസിക്കേണ്ടത് എന്ന സംശയത്തിൽ അവൻ മുഴുകുന്നു.

ഈ പ്രശ്നത്തിനുള്ള പരിഹാരമാണ് ക്രിസ്തീയ ന്യായവാദശാസ്ത്രം.

ക്രിസ്തീയ ന്യായവാദശാസ്ത്രത്തിൽ അല്പമെങ്കിലും പശ്ചാത്തലമുള്ളവർക്ക് ഇത്തരം പ്രശ്നങ്ങളും ചോദ്യങ്ങളും അഭിമുഖീകരിക്കുന്നവരെ സഹായിക്കാനാകും. അതോടൊപ്പം തന്നെ വേദപുസ്തകത്തിനെതിരെ ചോദ്യങ്ങളുയർത്തുന്ന വ്യക്തിയുടെ മുമ്പിൽ ധൈര്യത്തോടെ നിൽക്കുന്നതിന് ഉതകത്തക്കവിധത്തിൽ വിവരങ്ങൾ നല്കുവാനും അത്തരത്തിലുള്ള വ്യക്തിക്ക് സാധിക്കും.

കഴിഞ്ഞ നാലഞ്ചു ശതാബ്ദങ്ങൾക്കുളളിൽ ക്രൈസ്തവ വിരുദ്ധ തത്വജ്ഞാനങ്ങളും ചിന്തകളും ക്രിസ്തീയ സമൂഹങ്ങൾക്കുള്ളിൽ തഴച്ചുവളർന്നിട്ടുണ്ട്. മനുഷ്യനെ ഏതാണ്ട് ദൈവത്തോട് സമമാ

ക്കുന്ന തരത്തിലുള്ള മാനവാരാധന യാണ് വർത്തമാനകാലത്തിൽ ശക്തി ആർജ്ജിച്ചിരിക്കുന്നത്. ഇന്നുള്ള മിക്ക തത്വചിന്തകളുടെയും അടിസ്ഥാനമായി വർത്തിക്കുന്നത് പ്രസ്തുത തത്വജ്ഞാന മാണെന്ന് പറയാം. തന്മൂലം വർത്തമാന കാലയളവിലെ പള്ളിക്കൂടങ്ങളിലും കലാ ലയങ്ങളിലും അഭ്യസനം നടത്തുന്ന വിദ്യാർത്ഥികൾ ദൈവവചനത്തിന് വിരു ദ്ധമായ പല കാര്യങ്ങളും പഠിക്കേണ്ട തായി വരുന്നു. അങ്ങനെ ഒരു വ്യക്തി കലാലയജീവിതത്തോട് വിടപറയുമ്പോ ഴേക്കും അത്തരത്തിലുള്ള നൂറ് കണ ക്കിന് ചിന്തകളുടെ സഞ്ചയം താൻ നേടി ക്കഴിഞ്ഞിരിക്കും. യുവവിശ്വാസികൾക്ക് ഈ കാര്യങ്ങൾ ധാരാളം സംശയം ഉള

വാക്കുന്നുണ്ട്. സന്ദേഹത്തിന്റേയും അവിശ്വാസത്തിന്റേയും ചുഴിയിൽ നിന്ന് രക്ഷപ്പെടുവാനായി അവർ അശ്രാന്ത പരിശ്രമം ചെയ്യുന്നുമുണ്ട്.

ഇവർക്കുണ്ടാകുന്ന എല്ലാ സംശയങ്ങൾക്കും നിവാരണം വരുത്തുവാൻ ഒരു വ്യക്തിക്ക് എപ്പോഴും സാധിച്ചെന്ന് വരികയില്ല. എന്നാൽ ന്യായവാദശാസ്ത്രത്തിന്റെ സഹായത്താൽ സംശയക്കയത്തിൽ അകപ്പെട്ടിരിക്കുന്ന വ്യക്തികൾക്ക് രക്ഷ നല്കുവാനാകും. അവരുടെ പ്രശ്നങ്ങളുടെ സിംഹഭാഗത്തിനും ഉത്തരം നൽകാൻ ഒരു ന്യായവാദശാസ്ത്രജ്ഞന് കഴിയും. അതോടൊപ്പം മാനവാരാധനതത്വശാസ്ത്രത്തിന്റെ അടിസ്ഥാനങ്ങൾ

പഠിപ്പിക്കാനും സാധിക്കുന്നു. പ്രസ്തുത രീതി മൂലം അന്വേഷകർ സംശയങ്ങൾ മറികടന്ന് വരിക മാത്രമല്ല, പ്രശ്ന ത്തിന്റെ മൂലഹേതു മനസ്സിലാക്കുകയും ചെയ്യുന്നു. കൂടാതെ ഭാവിയിൽ അഭിമു ഖീകരിക്കാനിടയുള്ള ചോദ്യങ്ങളെ ഏതു നിലയിൽ സമീപിക്കണമെന്നും അറിയാ നിടവരുന്നു. പ്രശ്നങ്ങൾ അഭിമുഖീകരി ക്കാത്ത ആരും തന്നെ ലോകത്തിലില്ല. സംഭ്രമം ജനിപ്പിക്കുന്ന കാര്യങ്ങൾ, പലത രത്തിലുള്ള ചോദ്യങ്ങൾ, വിവിധ നിലക ളിലുള്ള ഭയം ആദിയായവ മിക്കവരും അഭിമുഖീകരിക്കുന്നവയാണ്. പ്രശ്ന ങ്ങളെ അവഗണിച്ചതിനാൽ വിഷമഘട്ട ങ്ങൾക്ക് ഒരു പരിഹാരം കണ്ടെത്താനാ വില്ല. പ്രശ്നത്തെ അഭിമുഖീകരിക്കുന്ന

ത്, വിഷമത നിറഞ്ഞ പ്രവർത്തനമാണ്. തന്മൂലം അവയെ വർജ്ജിക്കാനുതകുന്ന യുക്തി കൗശലതയെ ജനങ്ങൾ ആശ്രയിക്കുന്നു. വേദപുസ്തക സംബന്ധിയായ വിഷയങ്ങളോടുള്ള ബന്ധത്തിൽ ഈ കാര്യങ്ങൾ തുടർച്ചയായി കാണാവുന്നതാണ്. തിരുവെഴുത്തിനെതിരെ ഉയരുന്ന ആക്രമണങ്ങൾ വ്യത്യസ്തമേഖലകളിൽ നിന്ന് ചിലയവസരങ്ങളിൽ അഭ്യസ്തവിദ്യരിൽനിന്ന് പോലും ഉള്ളതാകയാൽ അവയ്ക്കെല്ലാം ഉത്തരം നൽകാൻ പലപ്പോഴും എളുപ്പമല്ല. ഇത്തരം ചോദ്യങ്ങൾ ഉയരാറുള്ള എല്ലാ പഠനമേഖലകളിലും ബിരുദം സമ്പാദിക്കാമെന്ന് പ്രത്യാശിക്കാൻ അല്പം പ്രയാസമുണ്ട്. അത്തരത്തിലുള്ള വിഷമതകൾ മുഖാന്തരമാണ്

പ്രശ്നങ്ങളെ ത്യജിക്കുവാൻ മിക്കവരും പ്രേരിതരായിത്തീരുന്നത്. എന്നാൽ ആ വിധത്തിലുള്ള ഒരു വിമുഖത ആവശ്യമേ ഇല്ല. ക്രിസ്തീയ ന്യായവാദശാസ്ത്ര ത്തിന്റെ അടിസ്ഥാന വസ്തുതകൾ ആർജ്ജിക്കാൻ സാധിച്ചാൽ മിക്കവാറും എല്ലാ ആക്രമണങ്ങളേയും ചെറുത്തു നിൽക്കുവാൻ അവ മതിയാകുന്നതാണ്.

ഒരു വ്യക്തിക്ക് തനിക്കു നേരേ വരുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നല്കാൻ സാദ്ധ്യമല്ലെങ്കിലും ക്രിസ്തീയ ന്യായവാദശാസ്ത്ര മേഖലയിൽ ദൈവഭ ക്തന്മാരായ പുരുഷന്മാർ എങ്ങനെ അവയെ അഭിമുഖീകരിച്ചുവെന്നു വാസ്തവമായി എല്ലാ വിശ്വാസികളും

അറിഞ്ഞിരിക്കേണ്ടതാണ്. വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളിലും ഉന്നത നിലവാരം കൈവരിച്ചവരും, സമർപ്പണമുള്ളവരും ഇന്ന് ക്രിസ്തീയ സമൂഹത്തിലുണ്ട്. വേദപുസ്തകത്തിനെതിരെ ഉന്നയിച്ചുകൊണ്ടിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ അവർ ശ്രമിക്കുന്നു. വ്യക്തിപരമായ നിലയിൽ അതിനു സാദ്ധ്യമല്ല. ഇത്തരത്തിലുള്ള ആക്രമണങ്ങളെ വ്യക്തിപരമായി ഭയപ്പെടുന്നതും സാധാരണമാണ്. എന്നാൽ പ്രശ്നങ്ങളെ വിശകലനം ചെയ്ത് ധാരാളം പേർ പഠിക്കുന്നുണ്ടെന്ന് ഒരു വ്യക്തി മനസ്സിലാക്കി കഴിയുമ്പോൾ ഉത്തരം ലഭിക്കുവാൻ കാലതാമസം നേരിടില്ല എന്നുവരെ സമാശ്വസിക്കാം. ക്രിസ്തീയ വിശ്വാസത്തിനാ

വശ്യമായ പ്രതിരോധം നല്കുവാൻ ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് പണ്ഡിതന്മാർ ഇന്നു ശ്രമിച്ചുകൊണ്ടിരിക്കുന്നു. അവർ തങ്ങളുടെ ഉത്തരങ്ങൾ ആനുകാലികങ്ങളിൽ കൂടിയും മാസികകളിൽ കൂടിയും നല്കുകയും ചെയ്യുന്നുണ്ട്. പഠിക്കാൻ ആഗ്രഹിക്കുന്ന ഏവർക്കും അവ പ്രയോജനകരങ്ങളായിത്തീരുന്നുവെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

വേദപുസ്തകം എപ്പോഴും ആക്രമിക്കപ്പെടും. അത്തരം ആക്രമണങ്ങളാൽ പലരുടേയും വിശ്വാസവും ആക്രമിക്കപ്പെടാനിടയാകും. ക്രിസ്തീയന്യായവാദശാസ്ത്രത്തിന്റെ ഒരു ശരിയായ ഉപയോഗ

ത്താൽ മാത്രമേ അത്തരത്തിലുള്ളവ രോട് പ്രതിരോധിക്കാൻ കഴിയുകയുള്ളൂ.

വേദപുസ്തകാടിസ്ഥാനത്തിലുള്ളതും, ക്രിസ്തീയ പഠനങ്ങളിലുൾപ്പെട്ടതും ക്രിസ്തീയവിശ്വാസത്തിന് പ്രതിവാദം നൽകുന്നതുമായ ഒരു ദൈവശാസ്ത്ര വിഭാഗമാണ് ക്രിസ്തീയ ന്യായവാദ ശാസ്ത്രം എന്ന് നാം കണ്ടുകഴിഞ്ഞല്ലോ. ഇത് തികച്ചും വേദപുസ്തകത്തിന്റെ ഒരു പ്രതിഫലനമാണ്. തിരുവെഴുത്തിൽ പല ഭാഗത്തും ഇത് വ്യക്തമാക്കുകയും ഉപദേ ശിക്കുകയും ചെയ്തിട്ടുണ്ട്. അപ്പോസ്ത ലനായ പത്രോസ് രേഖപ്പെടുത്തിയിരി ക്കുന്നു. 'നിങ്ങളിലുള്ള പ്രത്യാശയെക്കു റിച്ച് ന്യായം ചോദിക്കുന്ന ഏവനോടും,

സൗമ്യതയും ഭയഭക്തിയും പൂണ്ട് പ്രതിവാദം പറയുവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ' (1 പത്രോ 3:15). നമ്മുടെ വിശ്വാസത്തെ ചോദ്യം ചെയ്യുന്ന ഒരു വ്യക്തിയോട് പ്രതിവാദം പറയുന്നത് നമ്മുടെ ആത്മീയ ഉത്തരവാദിത്വത്തിന്റെ ഒരു ഭാഗമാണ്. ന്യായവാദശാസ്ത്രത്തിന്റെ ഗ്രീക്ക്പദമായ അപ്പോലോഗിയ (Apologia) എന്ന പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. പ്രതിവാദം പറയുക എന്ന് മലയാളത്തിൽ ഭാഷാന്തരം ചെയ്തിരിക്കുന്നു. അപ്പോൾ അപ്പോളജസ്റ്റിക്സ് അഥവാ ന്യായവാദശാസ്ത്രം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നമ്മുടെ വിശ്വാസത്തെ പരിരക്ഷിക്കുക എന്നാണ്. അപ്പോളജീസ് (Apologies) എന്ന ആംഗ

ലേയ പദത്തിന്റെ അർത്ഥം എടുത്തിട്ട് അപ്പോളജറ്റിക്സ് (ന്യായവാദശാസ്ത്രം) ക്ഷമയാചിക്കലെല്ല. പ്രതിരോധമാണ്. ക്രിസ്തീയ ന്യയാവാദശാസ്ത്രത്തിന്റെ സ്വഭാവത്തേയും പ്രവർത്തനത്തേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു നിർവ്വചനം അപ്പോസ്തോലനായ പൗലോസിന്റെ എഴുത്തിൽ നിന്നും നമുക്ക് സ്വീകരിക്കാവുന്നതാണ്.

‘ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല. ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡീകങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നേ. അവയാൽ ഞങ്ങൾ സങ്കൽപ

ങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞു. ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ട് പിടിച്ചടക്കി, നിങ്ങളുടെ അനുസരണം തികഞ്ഞുവരുമ്പോൾ എല്ലാ അനുസരണക്കേടിനും പ്രതികാരം ചെയ്യുവാൻ ഒരുങ്ങിയിരിക്കുന്നു'.(2 കൊരി 10:3–6)

മനുഷ്യനോടുള്ള ദൈവത്തിന്റെ പ്രവർത്തനത്തെ ന്യായീകരിച്ചുകൊണ്ടുള്ള ഒരു ന്യായവാദം ഇയ്യോബിന്റെ പുസ്തകത്തിലുടനീളം പ്രകടമാണ്. ദൈവത്തിലുള്ള തന്റെ ആശ്രയവും ആത്മാർത്ഥതയും ഇയ്യോബ് സമർത്ഥി

ക്കുന്നു. ജാതികളുടെ ദൈവങ്ങളെപ്പോലെയല്ല യിസ്രായേലിന്റെ ദൈവം. അതിനുമേലായി അവിടുന്നു വിശ്വസ്തനും, തന്നിൽ ആശ്രയിക്കുന്നവരെ സംരക്ഷിക്കുന്നവനുമാണെന്നു കൂടി ഇയ്യോബ് വ്യക്തമാക്കുന്നു.

സങ്കീർത്തനം 14 ഉം 19 ഉം ന്യായവാദ സ്വഭാവമുള്ളവയാണ്. റോമർ 1:20 ഉം ഇത് വ്യക്തമാക്കുന്നുണ്ട്. സർവ്വശക്തനും സർവ്വജ്ഞാനിയുമായ ദൈവത്തിന്റെ ആസ്തിക്യത്തിന് പ്രപഞ്ചോത്ഭുതങ്ങൾ മതിയാകുന്നതാണ് എന്ന് രേഖപ്പെടുത്തുന്നതിൽ കൂടി റോമർ 2:20 ഇത് ദൃഢീകരിക്കുകയാണ്. സമൂലപരിവർത്തനവാദികളായ അവിശ്വാസികളോട്

അപ്പോസ്തലനായ പൗലോസ് ചെയ്ത പ്രസംഗം പ്രവൃത്തികളുടെ പുസ്തകം 17 –ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ന്യായവാദശാസ്ത്ര സമീപനത്തിന്റെ മറ്റൊരു ദൃഷ്ടാന്തമാണ്.

## 1. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ന്യായവാദ ശാസ്ത്ര സമീപനങ്ങൾ

വേദപുസ്തകം വിശ്വാസത്തിന് കൂടുതൽ പ്രാധാന്യം കൊടുത്ത്, കരുതിക്കൂട്ടി തന്നെ സംശയവാദത്തേയും അവിശ്വാസത്തേയും നിഷേധിക്കുന്നുണ്ടെങ്കിലും യുക്തിക്കോ ഗവേഷണത്തിനോ അത് ഒരിക്കലും തടസ്സം നില്ക്കുന്നില്ല. സത്യസന്ധമായ ഒരു അന്വേഷണത്തിന് സഹാ

യകരമായ നിലയിലും, ആത്മാർത്ഥയോടും, യുക്തിയോടും കൂടിയ ഗവേഷണത്തെ വേദപുസ്തകം എപ്പോഴും ഉത്സാഹിപ്പിക്കുന്നു. പഴയനിയമവും ഇതിനാവശ്യമായ തെളിവുകൾ നിരത്തുന്നുണ്ട്. എന്തിനേറെ! ഒരു വ്യക്തിയെ വിശ്വാസത്തിലേക്ക് നയിക്കാൻ പര്യാപ്തമായ നിലയിലുള്ള ധാരാളം തെളിവുകൾ ദൈവം തന്നെ നൽകുന്നു.

ഫറവോന്റെ അടുക്കലേക്ക് ദൈവം മോശെയെ അയച്ചപ്പോൾ ദൈവം തന്നെയാണ് തന്നെ അയച്ചത് എന്ന വസ്തുതയെ ഉറപ്പിക്കാനുതകുന്ന വിധത്തിൽ രണ്ട് അടയാളങ്ങൾ കൊടുത്തു. ഫറവോനോടറിയിച്ച സംഗതികളെ താൻ വിശ്വ

സിച്ചോ ഇല്ലയോ എന്നതല്ല. പ്രത്യുത ഫറവോന്റെ അന്വേഷണത്തിനാവശ്യമായ തെളിവുകൾ ദൈവം നൽകി എന്നതാണ് ഇവിടെ പ്രസ്താവ്യം. രണ്ടവസരങ്ങളിൽ അടയാളം അഭ്യർത്ഥിച്ച ഗിദയോനോടുള്ള ബന്ധത്തിലും ഇത് ഗ്രഹിക്കാവുന്നതാണ്. രണ്ടവസരങ്ങളിലും ദൈവം അടയാളങ്ങൾ നൽകുകയും ചെയ്തു. ഹിസ്കിയാവിനോട് ദൈവം സംസാരിച്ചു എന്നതിന് നൽകിയ തെളിവുകളും ഈ വിഷയത്തോടുള്ള ബന്ധത്തിൽ നല്ല ഉദാഹരണങ്ങളാണ്.

ദാനിയേലും കൂട്ടരും തങ്ങളെ നോക്കുവാനായി നിയമിക്കപ്പെട്ട ഷണ്ഡനോട് പറഞ്ഞത് അടിയങ്ങളെ പത്തു ദിവസം

പരീക്ഷിച്ചാലും 'അതിന്റെ ശേഷം ഞങ്ങ ളുടെ മുഖവും രാജഭോജനം കഴിക്കുന്ന ബാലന്മാരുടെ മുഖവും തമ്മിൽ നീ ഒത്തുനോക്കുക'... (ഗവേഷണം നടത്തി തീരുമാനത്തിലെത്തുക) എന്നത്രെ. പരീ ക്ഷണത്തിലൂടെ അനുഭവിച്ചറിയേണ്ട ഒരു സമീപനമാണിത്. അപ്രകാരം നട ത്തുന്ന ഗവേഷണഫലമായി എടുക്കുന്ന തീരുമാനത്തെപ്പറ്റിയാണ് ദാനിയേലും കൂട്ടരും പറഞ്ഞത്.

കർത്താവായ യേശുക്രിസ്തു നിർവ്വ ഹിച്ച അത്ഭുതങ്ങൾ അവിടുന്നു ആരാ ണെന്ന് വെളിപ്പെടുത്തുന്നതിനുള്ള തെളി വുകളാണെന്ന് താൻ തന്നേയും, അപ്പോ സ്തലന്മാരും പല പ്രാവശ്യം

ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. സകലത്തിന്റേയും പിന്നിൽ ദൈവമാണെന്നുള്ളതിന്റെ തെളിവുകളാണ് പുതിയ നിയമസഭയിൽ നടന്ന അത്ഭുതങ്ങൾ എന്ന് അപ്പോസ്തലനായ പൗലോസും മറ്റു പുതിയ നിയമ എഴുത്തുകാരും തങ്ങളുടെ എഴുത്തുകളിൽ സമർത്ഥിക്കുന്നു.

സംശയവാദികളുടെ അവിശ്വാസത്തെ പലവുരു കർത്താവ് വിമർശിച്ചെങ്കിലും തെളിവ് നൽകുന്നതിന് താൻ ഒരിക്കലും വിസമ്മതം പ്രകടിപ്പിച്ചില്ല. താൻ ഉയർത്തെഴുന്നേറ്റു എന്നു ശാരീരികമായി പരീക്ഷിച്ചറിഞ്ഞു തന്നിൽ വിശ്വസിക്കുവാനായി തോമസിനേയും മറ്റു അപ്പോസ്തലന്മാരേയും ക്രിസ്തു ക്ഷണിച്ചു.

ക്രൈസ്തവർക്കും അക്രൈസ്തവർക്കും ഒരുപോലെ പ്രയോജനപ്പെടത്തക്ക രീതിയിൽ ധാരാളം ഉദാഹരണങ്ങൾ സഹിതം തന്നെ ന്യായവാദശാസ്ത്രത്തിന്റെ പ്രാധാന്യതയും ആവശ്യകതയും വേദപുസ്തകം സമർത്ഥിക്കുന്നു. അവിശ്വാസത്തെ വേദപുസ്തകം നിഷേധിക്കുന്നെങ്കിലും ആത്മാർത്ഥമായ അന്വേഷണത്തെ അത് പ്രോത്സാഹിപ്പിക്കുന്നു. ന്യായവാദ ശാസ്ത്രത്തിന്റെ പ്രാധാന്യത വെളിപ്പെടുന്നത് അപ്രകാരമത്രെ.

## 2. ന്യായവാദ ശാസ്ത്രവും ഖണ്ഡന ശാസ്ത്രവും

ന്യായവാദശാസ്ത്രത്തിന്റെ ഒരുത്തമ തോഴനായി ഖണ്ഡനശാസ്ത്രത്തെ

വിശേഷിപ്പിക്കാവുന്നതാണ്. സഭയ്ക്കു വെളിയിൽ നിന്നും ഉണ്ടാകുന്ന അക്രമണങ്ങളെയും എതിർപ്പുകളേയും ന്യായവാദശാസ്ത്രം നേരിടുമ്പോൾ സഭയ്ക്കുള്ളിൽ ഉണ്ടാകുന്ന ആക്രമണങ്ങളെ എതിർക്കുകയാണ് ഖണ്ഡനശാസ്ത്രം ചെയ്യുന്നത്. സഭയ്ക്കുള്ളിൽ ഉണ്ടാകുന്ന ആക്രമണങ്ങൾ എന്ന് രേഖപ്പെടുത്തുമ്പോൾ വായനക്കാർ ഒരുപക്ഷേ അത്ഭുതം കൂറുമായിരിക്കും. കാരണം സ്വന്തം ജനങ്ങൾ തന്നെ നാം വിശ്വസിക്കുന്ന അതിവിശുദ്ധ വിശ്വാസത്തെ എതിർക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാനാവില്ല. എന്തായാലും ശരി പഴയനിമത്തേയും പുതിയ നിയമത്തേയും എതിർത്തുകൊണ്ട് യഹൂദന്മാരിലും

ക്രൈസ്തവരിലും ധാരാളം പേർ എഴുന്നേറ്റിട്ടുണ്ട്. ഇന്നത്തെ സ്ഥിതിയും അതിൽനിന്ന് ഒട്ടും വ്യത്യസ്തമല്ല.

വിശ്വാസവിഷയത്തിൽ ആക്രമണങ്ങൾ പ്രധാനമായി രണ്ടു രീതിയിലാണ് പ്രത്യക്ഷപ്പെടാറുള്ളത് (ഒന്ന്) വികൃതമാക്കപ്പെട്ട വ്യാഖ്യാനങ്ങൾ (രണ്ട്) ക്രിസ്തീയ സംഘടനകൾ എന്ന നാമധേയം ധരിച്ചുകൊണ്ട് വരുന്ന പാഷാണ്ഡോപദേശങ്ങളിൽ കൂടി.

സഭയ്ക്കുള്ളിൽ നിന്ന് വേദപുസ്തകത്തെ ആക്രമിക്കുന്നവരിൽ വികൃതമാക്കപ്പെട്ട ഉപദേശം പഠിപ്പിക്കുന്നവരും ഉൾപ്പെടും. എബിയോന്യർ, പെലഗ്യർ,

മൊന്റെനിസ്റ്റുകൾ, നെസ്തോരിയർ, അറിയൂസ് സിദ്ധാന്തക്കാർ ആദിയായവരാണ്. പുതിയ നിയമകാലഘട്ടത്തിലുണ്ടായിരുന്ന ദുരുപദേഷ്ടാക്കന്മാർക്ക് ഉദാഹരണം. 20–ാം നൂറ്റാണ്ടിന്റെ ഉദയത്തിങ്കൽ ഉയർന്നുവന്നിട്ടുള്ള സമൂലപരിവർത്തനവാദികൾ എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾ, ക്രിസ്തീയ നവയുഗപ്രസ്ഥാനക്കാർ മുതലായവർ ഈ ഗണത്തിൽ ഉൾപ്പെടുന്നു.

യേശുക്രിസ്തു എന്ന വ്യക്തിത്വത്തെ ആക്രമിക്കുന്നവർ (സ്മിത്തിസം /പൂന്നിസം), ക്രിസ്തീയ ഉപദേശങ്ങളെ ഹൈന്ദവവത്ക്കരിക്കുന്നവർ (പ്രജാപതി പ്രചാരകർ/ക്രിസ്തീയവേദാന്തവേദി

ക്കാർ) എന്നിവരും പ്രസ്തുത ഗണത്തി ലുളളവരാണ്.

ക്രിസ്ത്യാനികൾ എന്നവകാശപ്പെടു കയും എന്നാൽ അതേസമയം വേദപു സ്തകത്തിന്റെ മൗലിക സത്യങ്ങളെ ആക്രമിക്കുകയും ചെയ്യുന്നവരിൽ യഹോവസാക്ഷികൾ, ശാബതുകാർ, മോർമോൻസ്, റ്റി.പി.എം (ദ പെന്ത ക്കോസ്തു മിഷൻ), ടൊറോന്റോ പ്രസ്ഥാനം എന്നീ സംഘടനക്കാർ പ്രധാ നികളാണ്. അവരുടെ എണ്ണം നിർബ്ബാധം പെരുകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അതോടൊപ്പം തന്നെ അവർ പിടിച്ചുകൊ ണ്ടിരിക്കുന്ന തെറ്റായ ഉപദേശങ്ങൾ

പുളിച്ച മാവിനു സദൃശ്യമായി വ്യാപിച്ചു കൊണ്ടിരിക്കുന്നു.

ന്യായവാദശാസ്ത്രവും ഖണ്ഡനശാസ്ത്രവും വിഭിന്നവിഷയങ്ങളാണെങ്കിലും തെറ്റിനെ നിർമ്മാർജ്ജനം ചെയ്ത് സത്യത്തെ സ്ഥാപിക്കുക എന്നതാണ് അവയുടെ പൊതുവായ തത്വം. ചില ദശാബ്ദങ്ങളോളം ന്യയവാദ ശാസ്ത്രവും ഖണ്ഡനശാസ്ത്രവും രണ്ടു വ്യത്യസ്ത മേഖലകളിലായിട്ടാണ് നിലനിന്നിരുന്നത്. തന്മൂലം ന്യായവാദശാസ്ത്രത്തിൽ അഭ്യസനം നടത്തുന്ന ഒരു വ്യക്തിക്ക് ഖണ്ഡനശാസ്ത്രവും ഖണ്ഡനശാസ്ത്രത്തിൽ വിദഗ്ധത നേടിയ വ്യക്തിക്ക് ന്യായവാദശാ

സ്ത്രവും അറിയേണ്ടതില്ലായിരുന്നു. നിർഭാഗ്യവശാൽ ഇന്ന് സ്ഥിതി ആകെ മാറിയിരിക്കുകയാണ്. ക്രിസ്തീയ വിശ്വാസത്തിനെതിരെ എഴുന്നേല്ക്കാനുള്ള ആക്രമണങ്ങൾ ഇരുഭാഗങ്ങളും അന്യോന്യം കടമെടുക്കുന്നു. അതിനാൽ എല്ലാ ന്യായവാദശാസ്ത്രക്കാരും ഖണ്ഡനശാസ്ത്രത്തിലും ന്യായവാദശാസ്ത്രത്തിലും പ്രാവീണ്യം നേടിയിരിക്കുകയാണ്.

## About The Authors



Dr. Johnson C. Philip is an expert in Quantum-nuclear Physics and has done research about the inner structure of Protons and Neutrons (Hadrons). He has authored hundreds of books and he hopes to join hands with Dr. Saneesh Cherian to produce more than 100 volumes of these compact Bible/Science books to bless your spiritual life.



Dr. Saneesh Cherian is an expert in Communication and Sociology. Having completed two doctorates in theology and a masters in Sociology from a prestigious University, he has been working towards his next doctorate.

Together the two writers have authored several major books in Apologetics and Theology, Theology Dictionary and Bible Encyclopedias.

Hundreds of ebooks and pdf magazines produced by them are available for free download. You can download them from www.OnlyFreeBooks.Com

Download More Free Ebooks From

www.OnlyFreeBooks.com

This is a textbook/resource republishec by the Brethren Theological Institute.

BTI brings Bible-schoo training to your assembly. BTI Classes are going on in many places in Kerala

If you want a BTI training program in your assembly, please contact

Principal: Dr. Johnson C. Philip
999 519 8690

Academic Dean: Dr. Saneesh Cherian
974 470 6373

BTI Brethren Theological Institute
Theological Training Since 1999